തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗം

78 (1514) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-14 സാമ്പത്തിക വർഷം എത്ര ശതമാനം പദ്ധതിപ്പണമാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴി ചെലവഴിച്ചത് ; പഞ്ചായത്ത്, മുനിസിപ്പാലിറ്റി, നഗരസഭ എന്നിവിടങ്ങളിൽ എസ്സി./എസ്റ്റി. വിഭാഗത്തിനായി എത്ര ശതമാനം ചെലവഴിച്ചു ; പദ്ധതി പ്രവർത്തനത്തിനോ സ്പിൽഓവർ പദ്ധതിക്കോ സമയംനീട്ടി നൽകിയിരുന്നോ ;

(ബി) 2014-15 സാമ്പത്തികവർഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എത്ര ശതമാനം ഇതുവരെ ചെലവഴിച്ചു ; ജനറൽ, എസ്സി./എസ്റ്റി. തിരിച്ച് വ്യക്തമാക്കാമോ ;

(സി) സ്പിൽ ഓവർ പ്രോജക്ടുകൾക്ക് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ ; പദ്ധതി പ്രവർത്തനത്തിന് എസ്റ്റിമേറ്റ് കണക്കാക്കിയിട്ടുണ്ടോ ; തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇതിനകം എത്ര ഗഡു തുക അനുവദിച്ചിട്ടുണ്ട് ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) ലഭ്യമായിട്ടുള്ള താത്കാലിക കണക്കനുസരിച്ച് 2013-14 സാമ്പത്തിക വർഷം 77.46% തുക ചെലവഴിച്ചിട്ടുണ്ട്.

	എസ്സി.	എസ്റ്റി.
ഗ്രാമ പഞ്ചായത്ത്	76.38	72.32
ബ്ലോക്ക് പഞ്ചായത്ത്	90.25	93.27
ജില്ലാ പഞ്ചായത്ത്	61.25	68.65
മുനിസിപ്പാലിറ്റി	61.31	62.41
നഗരസഭ	58.11	...

സ്പിൽ ഓവർ പദ്ധതികൾക്ക് സമയം നൽകിയിരുന്നു.

(ബി) ലഭ്യമായ കണക്കുപ്രകാരം 2014-15 സാമ്പത്തിക വർഷം 18.45% തുക ചെലവഴിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ജനറൽ -20.02%

എസ്സി.-13.86%

എസ്റ്റി.-16.34%

(സി) ഈ വർഷത്തെ സ്പിൽ ഓവർ പ്രോജക്ടുകൾക്ക് 31-12-2014 വരെ സമയം നൽകിയിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എസ്റ്റിമേറ്റ് കണക്കാക്കാറുണ്ട്. വികസന ഫണ്ടിന്റെ പത്ത് ഗഡുക്കളിൽ ഏഴ് ഗഡുവരെയുള്ള തുക അനുവദിച്ചു നൽകിയിട്ടുണ്ട്.

കേന്ദ്രാവിഷ്കൃത പദ്ധതികൾ

79 (1515) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രാവിഷ്കൃത പദ്ധതിക്കായി നടപ്പുവർഷം എത്ര കോടി രൂപ കേന്ദ്രം അനുവദിച്ചു ; ആയതിൽ എത്ര കോടി രൂപ 2014 ഒക്ടോബർ 31 വരെ ചെലവഴിച്ചു ; വകുപ്പതിരിച്ച് വിശദാംശം വ്യക്തമാക്കുമോ ;

(ബി) കേന്ദ്രാവിഷ്കൃത പദ്ധതിക്കായി കേന്ദ്രം നൽകുന്ന തുക ഓരോ വർഷവും കുറഞ്ഞു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ ;

(സി) കേന്ദ്രാവിഷ്കൃത പദ്ധതിക്കായി കേന്ദ്രം നൽകുന്ന തുക ഈ സർക്കാർ വകമാറ്റി ചെലവഴിക്കുന്നുണ്ടോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷവും കേന്ദ്രാവിഷ്കൃത പദ്ധതിക്കായി കേന്ദ്രം നൽകുന്ന എന്ത് തുക ലാപ്സായിട്ടുണ്ട് ; വ്യക്തമാക്കുമോ ;

(ഇ) മികച്ച ആസൂത്രണമില്ലായ്മയാണ് ഇത്തരത്തിൽ ഓരോ വർഷവും കേന്ദ്ര ഫണ്ട് കുറയുന്നതിനും കേന്ദ്രം നൽകുന്ന തുക ലാപ്സാകുന്നതിനും കാരണമെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി നടപ്പു സാമ്പത്തിക വർഷം 2733.53 കോടി രൂപ അനുവദിച്ചതിൽ 31-10-2014 വരെയുള്ള താത്കാലിക കണക്കുപ്രകാരം 634.94 കോടി രൂപ (23%) ചെലവഴിച്ചു. വകുപ്പ് തിരിച്ച കണക്ക് അനുബന്ധമായി നൽകുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly